**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഒഡെപെക് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒഡെപെക് 2016 ജൂൺ മുതൽ ഏതൊക്കെ മേഖലകളിൽ എത്രത്തോളം വിദേശ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 2016 ജൂൺ മുതൽ നഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എൻജിനീയർ, ടീച്ചർ, തുടങ്ങി വിവിധ മേഖലകളിൽ ഗൾഫ് രാജ്യങ്ങൾ, മാൽദ്വീപ്, യു.കെ., അയർലണ്ട്, ജർമ്മനി, ബെൽജിയം തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് ഒഡെപെക് മുഖേന നിയമനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | ഒഡെപെക് നടത്തിവരുന്ന പാക്കേജ് ടൂറുകളുടെയും എയർ ടിക്കറ്റിംഗിന്റെയും വിശദാംശം അറിയിക്കാമോ; | (ബി) | അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷൻ 1990 മുതൽ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അന്തർദേശീയ യാത്രയ്ക്കുള്ള ടിക്കറ്റുകളും ലഭ്യമാക്കുന്നുണ്ട്. ഈ ട്രാവൽ ഡിവിഷൻ രാജ്യത്തെ മിക്കവാറും എല്ലാ പ്രധാന ഫ്ലൈറ്റ് കമ്പനികളുമായും കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട്. മന്ത്രിമാർ, ഗവർണർ, സർക്കാർ മേഖലയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉയർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ ഈ സ്ഥാപനം വഴിയാണ് വിമാന ടിക്കറ്റുകൾ വാങ്ങുന്നത്. കഴിഞ്ഞ നാല് ദശാബ്ദങ്ങളായി വിദേശ തൊഴിലന്വേഷകർക്ക് അവരുടെ യാത്രാ രേഖകളും ടിക്കറ്റുകളും സമയബന്ധിതമായി തയ്യാറാക്കിയും വിസ ഔപചാരികതകൾ, തൊഴിൽ നിയമങ്ങൾ, യാത്രാ നിയന്ത്രണങ്ങൾ എന്നിവയിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകിയും പ്രവർത്തിക്കുന്നു.<br><br>പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി ചേർന്ന് ടൂർപാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽഡിവിഷന്റെ കീഴിൽ 2018 ലാണ് ടൂർ വിഭാഗം ആരംഭിക്കുന്നത്. സ്വദേശ/വിദേശ വിനോദയാത്രകൾ നടത്തുവാൻ ആഗ്രഹിക്കുന്നവർ-ക്കായി വിവിധ തരത്തിലുള്ള ടൂർ പാക്കേജുകൾ ഓരോരുത്തരുടേയും അഭിരുചിക്കും, ബജറ്റിനും അനുസരിച്ച് |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കാനുള്ള സൗകര്യം ലഭ്യമാണ്. കൂടാതെ ആഡംബരകപ്പൽ (ക്രൂയിസ്) വിനോദസഞ്ചാര യാത്രാപാക്കേജുകളും സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകളും നൽകിവരുന്നുണ്ട്. കാശ്മീർ, ഗോവ, ഹിമാചൽ (ഷിംല, കുളു, മണാലി), ഗോൾഡൻ ട്രയാങ്കിൾ (ഡൽഹി, ആഗ്ര, ജയ്പൂർ), ഹരിദ്വാർ-ഋഷികേശ് എന്നിവ ഒഡെപെക് ഒരുക്കിയിട്ടുള്ള ഏതാനും ചില ആഭ്യന്തര ടൂർ പാക്കേജുകൾ ആണ്. അന്താരാഷ്ട്ര ടൂറുകൾ ഇഷ്ടപ്പെടുന്ന യാത്രക്കാരെ ആകർഷിക്കുന്ന ഏതാനും ചില ലക്ഷ്യസ്ഥാനങ്ങൾ ആണ് മൗറീഷ്യസ്, ദുബായ്, ടർക്കി, ബാങ്കോക്, പട്ടായ, ആസ്ട്രേലിയ, ബാലി, മാൽദീവ്സ് തുടങ്ങിയവ. |
| (സി) | പരിശീലനത്തിനും വിദേശ പഠന രംഗത്തും ഒഡെപെക് നടത്തി വരുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | (സി) | 2019 ലാണ് ഒഡെപെക് ആദ്യമായി വിദേശ ഭാഷ പരിശീലനം ആരംഭിക്കുന്നത്. യു.കെ., അയർലണ്ട് തുടങ്ങിയ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലേക്ക് നിയമനം ആഗ്രഹിക്കുന്ന നഴ്സുമാർക്ക് IELTS/OET പരീക്ഷയിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, പത്തനംതിട്ട, ന്യൂഡൽഹി എന്നിവിടങ്ങളിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചു. ഏകദേശം ആയിരത്തോളം പേർ ഈ കേന്ദ്രങ്ങൾ മുഖേന പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് കൂടാതെ കാസർഗോഡിൽ ഒരു കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br><br>ജർമ്മനിയിലേക്കുള്ള റിക്രൂട്ട്മെന്റിന്റെ ഭാഗമായി 2022 ൽ ജർമ്മൻ ഭാഷാ പരിശീലനവും ഒഡെപെക് ആരംഭിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ ജർമ്മൻ ഡിപ്പാർട്ടുമെൻറുമായി സഹകരിച്ചാണ് തിരുവനന്തപുരത്ത് ജർമ്മൻ ഭാഷാപരിശീലനം നടത്തുന്നത്. ജർമനിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നഴ്സുമാർക്കായി ആരംഭിച്ച ഈ പദ്ധതി മുഖേന ജർമ്മൻ ഭാഷയിൽ A1, A2, B1, B2 എന്നിങ്ങനെ നാല് ലെവൽ പരിശീലനം തികച്ചും സൗജന്യമായാണ് നൽകുന്നത്. കൂടാതെ A2 ലെവൽ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് B1 ലെവൽ മുതൽ 10000 രൂപ വീതം പ്രതിമാസ സ്റ്റൈപെൻഡും നൽകി വരുന്നു. B2 ലെവൽ പൂർത്തിയാക്കിയാൽ ഇവർക്ക് വിസ നടപടികൾ പൂർത്തിയാക്കി ജർമനിയിലേക്ക് യാത്രയാകാം.<br><br>വിദേശഭാഷാ പരിശീലനത്തിന് പുറമെ ഗൾഫ് രാജ്യങ്ങളിലേക്കാവശ്യമായ യോഗ്യത നേടുന്നതിനുള്ള ട്രെയിനിംഗ് സൗകര്യങ്ങൾ, മറ്റുള്ള |

| | | | |
|---|---|---|---|
| | | | യൂറോപ്യൻ രാജ്യങ്ങളിലെ ഭാഷാപരിജ്ഞാനം എന്നിവയ്ക്ക് ആവശ്യാനുസരണം പരിശീലനസൗകര്യം ഏർപ്പെടുത്തുന്നുണ്ട്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സ്കോർ അനുസരിച്ച് വിവിധ രാജ്യങ്ങളിലേക്കുള്ള നിയമനസേവനങ്ങളും ഒഡെപെക് നൽകിവരുന്നു.<br><br>ഏഷ്യയിലെതന്നെ ഏറ്റവും വലിയ OET പരീക്ഷാകേന്ദ്രം 2021 ജനുവരിയിൽ കേരളത്തിൽ അങ്കമാലിയിൽ ഒഡെപെക് ആരംഭിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ പരീക്ഷാകേന്ദ്രമാണ് ഇത്. |
| (ഡി) | ഒഡെപെകിന്റെ നേതൃത്വത്തിലുള്ള ട്രാവൽ ഡിവിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങളും അതുവഴി ലഭ്യമായ വരുമാനവും വെളിപ്പെടുത്തുമോ? | (ഡി) | അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷൻ 1990 മുതൽ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അന്തർദേശീയ യാത്രയ്ക്കുള്ള ടിക്കറ്റുകളും ഇവിടെ ലഭ്യമാക്കുന്നുണ്ട്. റഷ്യ-യുക്രൈൻ യുദ്ധ പശ്ചാത്തലത്തിൽ യുക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെ നാട്ടിലെത്തിക്കുന്നതിനായി ഒഡെപെകിന്റെ ട്രാവൽവിഭാഗത്തിന്റെ സേവനമാണ് സംസ്ഥാനസർക്കാർ പ്രയോജനപ്പെടുത്തിയത്. ഈ ട്രാവൽ ഡിവിഷൻ രാജ്യത്തെ മിക്കവാറും എല്ലാ പ്രധാന ഫ്ലൈറ്റ് കമ്പനികളുമായും കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട്. മന്ത്രിമാർ, ഗവർണർ, സർക്കാർ മേഖലയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉയർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ ഈ സ്ഥാപനം വഴിയാണ് വിമാന ടിക്കറ്റുകൾ വാങ്ങുന്നത്. കഴിഞ്ഞ നാല് ദശാബ്ദങ്ങളായി വിദേശ തൊഴിലന്വേഷകർക്ക് അവരുടെ യാത്രാ രേഖകളും ടിക്കറ്റുകളും സമയബന്ധിതമായി തയ്യാറാക്കിയും വിസ ഔപചാരികതകൾ, തൊഴിൽ നിയമങ്ങൾ, യാത്രാ നിയന്ത്രണങ്ങൾ എന്നിവയിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകിയും പ്രവർത്തിക്കുന്നു. 2016 മുതൽ ലഭ്യമായ വരുമാനത്തിന്റെ കണക്ക് **അനുബന്ധം II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

2016 ജൂൺ മുതൽ 2024 മെയ് 31 വരെ ഒഡെപെക് മുഖേന നടന്ന വിദേശ റിക്രൂട്ട്മെൻറുകളുടെ എണ്ണം ചുവടെ കൊടുത്തിരിക്കുന്നു.

| FINANCIAL YEAR | UDI ARABIA | MALDIVES | BAHRAIN | KUWAIT | OMAN | QATAR | UAE | TURKEY | UZBEKISTAN | BELGIUM | USA | GERMANY | BOTSWANA | IRELAND | OM UNITED | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **2016-17** | 417 | | | | | 2 | 224 | | | | | | | 4 | 3 | 650 |
| **2017-18** | 222 | | | 1 | 25 | | 72 | | | | | | | 2 | 3 | 325 |
| **2018-19** | 225 | | | | 11 | | 94 | | | | | | | 1 | 16 | 347 |
| **2019-20** | 172 | 22 | | | 8 | | 26 | | | | | | | | 56 | 284 |
| **2020-21** | 71 | | | | 4 | 1 | 308 | | | | | | | | 262 | 646 |
| **2021-22** | 44 | | | | 18 | 7 | 139 | | | 22 | | | | | 245 | 475 |
| **2022-23** | 49 | | | | 3 | 9 | 14 | | | 37 | 7 | 1 | | | 37 | 157 |
| **2023-24** | 59 | | 1 | | 8 | | 181 | 76 | 99 | 35 | | 30 | | | 62 | 551 |
| **2024-25** | 7 | | | | | | 73 | | | | | 3 | 1 | | 1 | **85** |
| **TOTAL** | **1266** | **22** | **1** | **1** | **77** | **19** | **1131** | **76** | **99** | **94** | **7** | **34** | **1** | **7** | **685** | **3520** |

Kavitha I

**സെക്ഷൻ ഓഫീസർ**

അനുബന്ധം II

**The Turnover of Travel Division from 2016**

| Year | Turnover |
|---|---|
| 2023-2024 | 17,25,57,961 |
| 2022-2023 | 16,68,61,312 |
| 2021-2022 | 3,03,93,800 |
| 2020-2021 | 2,70,65,620 |
| 2019-2020 | 10,63,00,539 |
| 2018-2019 | 8,75,53,975 |
| 2017-2018 | 95,52,000 |
| 2016-2017 | 5,91,63,706 |

Kavitha.T

സെക്ഷൻ ഓഫീസർ